Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

# GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് - 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3 (9) - ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകാൻ 35,999/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1665/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 24.06.2013

പരാമർശം:
1. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 31.07.12-ൽ കൂടിയ മീറ്റിംഗിലെ 18-ാം നമ്പർ തീരുമാനം.
2. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.8.11-ലെ എ 3-3048/09-ാം നമ്പർ കത്ത്.
3. ഗ്രാമവികസന കമ്മീഷണറുടെ 15.11.12-ലെ 21158/ഡി.പി3/2011/ഗ്രാ.വി.ക നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26.4.13-ലെ എൽ.എഫ് 2460/പിറ്റി2/13-ാം നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് 2005-06 സാമ്പത്തിക വർഷത്തിൽ അഗളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വേതനം നൽകാൻ 35,999/-(മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) രൂപ ചെലവഴിച്ച നടപടി 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3 (9) പ്രകാരം തടസ്സപ്പെടുത്തുകയുണ്ടായി.

കേരള സംസ്ഥാനത്തിലെ ഏക ട്രൈബൽ ബ്ലോക്കായ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലെ പട്ടികവർഗക്കാർ ഉൾപ്പെടുന്ന ഭൂരിഭാഗം ജനങ്ങളും ചികിത്സയ്ക്കായി ആശ്രയിക്കുന്ന അഗളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ, ഒഴിച്ചുകൂടാനാവാത്ത സ്വീപ്പർ തസ്തികയിൽ എംപ്ലോയ് മെന്റ് എക്സ് ചേഞ്ചിൽ നിന്നും നിയമനം നടക്കാതിരുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വേതനം നൽകി സ്വീപ്പർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയ നടപടിയ്ക്ക് സാധൂകരണം തേടണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ പരാമർശം 1-ലെ തീരുമാനം സഹിതം അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാധൂകരണത്തിനായി പരാമർശം (2) കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു. പരാമർശം (3)-ലെ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണർ സാധൂകരണം നൽകാവുന്നതാണെന്ന് ശുപാർശയും ചെയ്തിട്ടുണ്ട്.

അഗളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്വീപ്പർ തസ്തികയിൽ ജീവനക്കാർ ആവശ്യമായ അടിയന്തിര സാഹചര്യമായതുകൊണ്ടും 1997-ലെ പഞ്ചായത്ത് രാജ് ചട്ടങ്ങൾ 3-ൽ 8 ബി പ്രകാരം എംപ്ലോയ് മെന്റ് എക്സ് ചേഞ്ച് മുഖേനയോ ആയത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിൽ 6 മാസത്തിൽ കൂടുതൽ അല്ലാതെ കാലയളവിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിനാലും ടി

നടപടിക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 4-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് തീരുമാനത്തിന്റേയും ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടേയും ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റേയും അടിസ്ഥാനത്തിൽ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3 (9) പ്രകാരം തടസ്സപ്പെടുത്തിയ 35,999/- ( മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) രൂപ ചെലവഴിച്ച അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജവഹറ ബീവി.എ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്, അഗളി പി.ഓ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , വികാസ് ഭവൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.